## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4809 14.11.2019-ൽ മറുപടി നൽകേണ്ടത്.

### കന്നഡ മീഡിയം സ്കൂളിൽ കന്നഡ അറിയാത്ത അധ്യാപകരെ നിയമിച്ചത് സംബന്ധിച്ച്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ കന്നഡ മീഡിയം ഹൈസ്കൂളുകളിൽ കന്നഡ അറിയാത്ത അധ്യാപകരെ പി.എസ്.സി. മുഖേന നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | പി.എസ്.സി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി ഭാഷയിലെ സബ്ജക്ട് വിദഗ്ധൻ ഉൾപ്പെടുന്ന സമിതി അഭിമുഖം നടത്തി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇങ്ങനെ നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത നിയമനം സ്കൂളുകളിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും വ്യാപക പ്രതിഷേധത്തിനിടയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | പി.എസ്.സി വഴി നിയമനം നേടിയിട്ടുള്ള ഇത്തരക്കാർക്ക് കന്നട ഭാഷയിൽ പ്രാവിണ്യമില്ല എന്നുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>എച്ച്.എസ്.എ കന്നട/തമിഴ് മീഡിയം തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത 30/09/2016-ലെ GO(P) No.166/16/G.Edn പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ഡിഗ്രിക്കൊപ്പം, ഒന്നാം ഭാഷയോ രണ്ടാം ഭാഷയോ കന്നഡ പഠിച്ച് എസ്.എസ്.എൽ.സി പാസായവർക്കോ, കന്നഡ ഭാഷയിൽ |
| (ഡി) | ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ബിരുദം/ബിരുദാനന്തര ബിരുദം നേടിയവർക്കോ മത്രമെ ടി തസ്തികയിൽ പി.എസ്.സി നിയമനത്തിന് പരിഗണിക്കുകയുള്ളു. നിലവിൽ കാസറഗോഡ് ജില്ലയിൽ കന്നഡമീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ സ്കൂൾ തലത്തിൽ കന്നഡ ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ പഠിച്ചിട്ടില്ലാത്ത മുഴുവൻ അദ്ധ്യാപകരെയും കണ്ടെത്തി അവരെ കന്നഡ ഭാഷയിൽ പഠിപ്പിക്കുന്നതിന് കൂടുതൽ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി ഒരു റിഫ്രഷർ കോഴ്സ് നൽകുന്നതിന് തീരുമാനമായതിൻ പ്രകാരം കന്നഡ ഭാഷ പ്രാവീണ്യം ഇല്ലായെന്ന് കണ്ടെത്തിയ രണ്ട് അദ്ധ്യാപകരെ മൈസൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് എന്ന സ്ഥാപനത്തിലയച്ച് കന്നട ഭാഷയിലുള്ള ഡിപ്ലോമ കരസ്ഥമാക്കാൻ അയച്ചിട്ടുള്ളതും ടി അദ്ധ്യാപകർ കന്നട ഭാഷ പഠിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ